പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2781

02.04.2013-ൽ മറുപടി നൽകേണ്ടത്

## ഭൂരഹിതരുടെ എണ്ണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാനത്ത് ഇപ്പോൾ എത്ര ഭൂരഹിതർ ഉണ്ടെന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ള തെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015 പ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ വില്ലേജാഫീസർ, തഹസീൽദാർ തലത്തിൽ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ 2,33,232 ഭൂരഹിത കുടുംബങ്ങളുടെ ലിസ്റ്റ് 15.08.2012- ൽ പ്രസിദ്ധീകരിച്ചു. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർത്തിരിക്കുന്നു. പിന്നീട് അപേക്ഷ സ്വീകരിക്കുന്ന തീയതി 15.02.2013 വരെ ദീർഘിപ്പിച്ചിരുന്നു. ഇതിൻ പ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ അന്വേഷണം നടത്തി വരുന്നു. ഇവ കൂടി കഴിഞ്ഞാൽ മാത്രമേ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുള്ളൂ. |

| ക്രമ നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 39636 |
| 2 | കൊല്ലം | 27822 |
| 3 | പത്തനംതിട്ട | 5791 |
| 4 | ആലപ്പുഴ | 12229 |
| 5 | കോട്ടയം | 9905 |
| 6 | ഇടുക്കി | 8239 |
| 7 | എറണാകുളം | 29608 |
| 8 | തൃശ്ശൂർ | 27196 |
| 9 | പാലക്കാട് | 20433 |
| 10 | മലപ്പുറം | 19997 |

| | | |
|---|---|---|
| 11 | കോഴിക്കോട് | 7145 |
| 12 | വയനാട് | 4179 |
| 13 | കണ്ണൂർ | 10101 |
| 14 | കാസർഗോഡ് | 10951 |
| ആകെ | | **2332232** |

(ബി)സംസ്ഥാനത്ത് കണ്ടെത്തിയിട്ടുള്ള ഭൂരഹിതരിൽ പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) 15.08.2012- ൽ പ്രസിദ്ധീകരിച്ച ലിസ്റ്റ് പ്രകാരം പട്ടികജാതി വിഭാഗത്തിൽ 38205 കുടുംബങ്ങളും പട്ടികവർഗ്ഗ വിഭാഗത്തിൽ 2693 കുടുംബങ്ങളുമാണുള്ളത്.

അപേക്ഷ സ്വീകരിക്കുന്ന തീയതി 15.02.2013 വരെ ദീർഘിപ്പിച്ചതിൻ പ്രകാരം ലഭിച്ച അപേക്ഷകളിൽ അന്വേഷണം നടന്നു വരുന്നു.

(സി)സംസ്ഥാനത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യാനായി കണ്ടെത്തിയ ഭൂമി എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ നടന്നു വരുന്നു. സർവ്വേ പ്രവർത്തനങ്ങൾ കൂടി പൂർത്തീകരിച്ചാൽ മാത്രമേ ലഭ്യമായ ഭൂമി എത്രയെന്ന് തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

(ഡി)ഭൂരഹിതർക്കുള്ള ഭൂമി വിതരണം എന്ന് പൂർത്തിയാക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) 2015 ഓടുകൂടി മുഴുവൻ ഭൂരഹിതർക്കും ഭൂമി വിതരണം ചെയ്യുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ഭൂരഹിതർക്കാണ് ഭൂമി വിതരണം നടത്തിയതെന്ന് വ്യക്തമാക്കുമോ?

(ഇ) ഈ പദ്ധതി പ്രകാരം ഭൂമി വിതരണം ആരംഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ